# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.5446

01.07.2019 ൽ
മറുപടിയ്ക്ക്

## യുവജന കമ്മീഷൻ

| ചോദ്യം<br>ശ്രീ. പി.കെ. അബ്ദു റബ്ബ് | | മറുപടി<br>ശ്രീ.ഇ.പി.ജയരാജൻ<br>(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന യുവജന കമ്മീഷന്റെ രൂപവൽക്കരണ ലക്ഷ്യം നിറവേറ്റപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. സംസ്ഥാനത്തെ യുവജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരെ ശാക്തീകരിക്കുന്നതിനുമായാണ് കേരള സംസ്ഥാന യുവജനകമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. യുവജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി കമ്മീഷൻ മുമ്പാകെ ലഭിച്ച പരാതികളിലും കമ്മീഷൻ സ്വമേധയാ എടുത്ത കേസുകളിലും ബന്ധപ്പെട്ടവരുടെ റിപ്പോർട്ടുകൾ തേടുകയും കേസുകളുടെ സ്വഭാവമനുസരിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുകയും ശുപാർശകൾ സമർപ്പിക്കുകയും യുവജനങ്ങളുടെ അവകാശങ്ങളെ ബാധിക്കുന്ന വിഷയങ്ങളിൽ ഇടപെടുകയും ചെയ്തു വരുന്നുണ്ട്. യുവജനങ്ങളെ ശാക്തീകരിക്കുന്നതിനായി മദ്യം-മയക്കുമരുന്ന്, തീവ്രവാദം എന്നിവയ്ക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ, എസ്.സി/എസ്.ടി കോളനികളിലെ യുവതീയുവാക്കൾക്ക് സാമൂഹിക സാമ്പത്തിക ലൈംഗിക ചൂഷണത്തിനെതിരെയും ദാരിദ്ര്യം, പോഷകാഹാരക്കുറവ്, നിരക്ഷരത എന്നിവ പരിഹരിക്കുന്നതിനുള്ള ബോധവത്ക്കരണം, വിവിധ തലത്തിലുള്ള സെമിനാറുകൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുകയും ജോബ് പോർട്ടൽ, സാംസ്കാരിക വിനിമയ പദ്ധതി തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങൾ ഓരോ സാമ്പത്തിക വർഷവും സംഘടിപ്പിച്ചു വരികയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ബി) | കമ്മീഷന് സർക്കാർ അനുവദിച്ച തുകയുടെ പകുതിപോലും കഴിഞ്ഞ വർഷം ഉപയോഗപ്പെടുത്തിയില്ല എന്നത് പരിശോധിക്കുമോ ; | (ബി) | 2018 - 19 സാമ്പത്തിക വർഷം കമ്മീഷന് 1.30 കോടി രൂപയാണ് പദ്ധതി വിഹിതമായി വകയിരുത്തിയിരുന്നത്. എന്നാൽ പ്രളയത്തെത്തുടർന്ന് 20% കുറവു വരുത്തിയ 1,04,00,000/- രൂപയുടെ പദ്ധതി തുകയിൽ നിന്നും 50 ലക്ഷം രൂപ റിലീസ് ചെയ്തു നൽകിയിരുന്നു. ഈ തുക കമ്മീഷൻ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, 2017 - 18 സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ, ശേഷിച്ച തുകയിൽ നിന്നും 19,03,000/- രൂപ കമ്മീഷന്റെ എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ നിന്നും ചെലവഴിച്ചുൾപ്പെടെ ആകെ 69,03,000/- രൂപ പദ്ധതിയിനത്തിൽ വിനിയോഗിച്ചിട്ടുണ്ട്. |
| (സി) | കമ്മീഷന്റെ പ്രവർത്തനം യുവജനങ്ങൾക്ക് പ്രയോജനപ്പെടത്തക്ക രീതിയിൽ ക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ ? | (സി) | കമ്മീഷന്റെ പ്രവർത്തനം യുവജനങ്ങൾക്ക് പ്രയോജനപ്പെടത്തക്ക രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ